LIBRARY ARCHIVES Kerala Legislative Assembly

കായിക രംഗത്തെ അടിസ്ഥാന സൗകര്യവികസനം

8 (*98) ഡോ. കെ. ടി. ജലീൽ:

ശ്രീ. കെ. വി. സുമേഷ്:

ശ്രീ. പി. പി. ചിത്തരഞ്ജൻ:

ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

&

(ബി) കായിക രംഗത്തേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ പുരോഗതിയും അറിയിക്കാമോ?

സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഓപ്പറേഷൻ ഒളിമ്പ്യ: കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ആദ്യഘട്ടത്തിൽ ആർച്ചറി, ഷൂട്ടിംഗ് എന്നീ കായികയിനങ്ങളെ ഒഴിവാക്കിയിരുന്നു. തുടർന്ന് സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യയിൽ നിന്നും ഒഴിവാക്കി ഫീഡിംഗ് സെന്ററായി (സി.എച്ച്.എസ്. മോഡൽ) തുടരാനും തീരുമാനിച്ചിട്ടുണ്ട്.

എലൈറ്റ് സ്കീം: മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്ക്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ 9 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കായികയുവജനകാര്യാലയം മുഖേന കുട്ടികൾക്ക് ഫുട്ബോളിന് കിക്കോഫ്, സ്വിമ്മിംഗിന് സപ്ലാഷ്, ബാസ്ക്കറ്റ് ബോളിന് ഹൂപ്പ്, അത്ലറ്റിക്സിന് സ്പിന്റ് എന്നിങ്ങനെ പ്രത്യേക പരിശീലന പരിപാടികൾ നടത്തുന്നു. കൂടാതെ സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകൾ ആക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം നടന്നുവരുന്നു. കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായിക യുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലെൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ സ്പോർട്സ് സ്കൂളുകളിൽ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിനായി ബയോപ്സി ടെസ്റ്റ് നടത്തുന്നു. ജീവിതശൈലീ രോഗങ്ങളിൽനിന്നും മുക്തിനേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ഇപ്പോൾ എട്ട് സ്ഥലങ്ങളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ നടത്തിവരുന്നു. മേൽപ്പറഞ്ഞ എല്ലാ പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*. കൂടാതെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ 58 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

(സി) പ്രത്യേക മികവ് പ്രദർശിപ്പിക്കുന്ന കായിക താരങ്ങൾക്ക് വിദഗ്ധ പരിശീലനത്തിന് സൗകര്യം ഒരുക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിനും കായികതാരങ്ങളെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുന്നതിനും അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്ക്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മികച്ച കായികതാരങ്ങളെ കണ്ടെത്തി അവർക്ക് ഡോ. എ. പി. ജെ. അബ്ദുൽ കലാം സ്കോളർഷിപ്പും അന്തർദേശീയ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് കിറ്റ് അലവൻസും അനുവദിച്ചുവരുന്നു. കായികയുവജനകാര്യാലയം മുഖേന അന്താരാഷ്ട്ര പ്രശസ്തിയുള്ള കായികതാരങ്ങളുമായി സംവാദം (ലെജന്റ് ടാക്ക് റ്റു യൂ) പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്പോർട്സ് കേരള ലിമിറ്റഡിന്റെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly

കായികയുവജന കാര്യാലയത്തിനുകീഴിൽ പ്രവർത്തിച്ചുവരുന്ന കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർവിന്യസിച്ചുകൊണ്ട് "സ്പോർട്സ് കേരള ലിമിറ്റഡ്" എന്ന പൊതുമേഖലാ കമ്പനി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ പറയുന്നവയാണ്.

(1) സംസ്ഥാനത്തെ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിന്റെ നിർമ്മാണം, പരിപാലനം, സൗകര്യ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സംയോജിത മൂലധന നിർമ്മാണ, മാനേജ്മെന്റ് കമ്പനിയായി പ്രവർത്തിക്കുക.

(2) സർക്കാർ അനുമതി നൽകിയതും നിലവിൽ കായിക എഞ്ചിനീയറിംഗ് വിംഗ് നടത്തുന്നതുമായ എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തുന്നതിനുള്ള ചുമതല, കായിക വകുപ്പിന്റെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ചുമതല.

(3) കായികയുവജന കാര്യാലയത്തിനുകീഴിലുള്ള ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്ബ് - തിരുവനന്തപുരം, കുമാരപുരം ടെന്നീസ് അക്കാഡമി- തിരുവനന്തപുരം, വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്- തിരുവനന്തപുരം കായിക യുവജന കാര്യാലയത്തിനുകീഴിലുള്ള വിവിധ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ എന്നിവയുടെ പരിപാലനവും നടത്തിപ്പും.

(4) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികളുടെ ഉത്തരവാദിത്വം.

റബ്ബർ ആവർത്തന കൃഷിക്ക് സബ്സിഡി

9 (*99) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ ആവർത്തന കൃഷിക്ക് റബ്ബർ ബോർഡ് നൽകിവന്നിരുന്ന സബ്സിഡി കേന്ദ്ര സർക്കാർ നിർത്തലാക്കിയിരിക്കുന്ന സാഹചര്യത്തിൽ റബ്ബർ കർഷകരെ സഹായിക്കുന്നതിന് സബ്സിഡി നൽകാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ?